ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE : 09.02.2025

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ പ്രയാഗ്രാജിൽ മഹാകുംഭമേള സന്ദർശിക്കും; ത്രിവേണി സംഗമത്തിൽ രാഷ്ട്രപതി പുണ്യസ്നാനം നടത്തും.
   **President Droupadi Murmu to Visit Mahakumbh Tomorrow, Take Holy Dip at Triveni Sangam.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശനത്തിന് നാളെ തുടക്കം.
   **Prime Minister Narendra Modi's visit to France and the United States begins tomorrow.**

3. വിദ്യാർഥികളുമായി പ്രധാനമന്ത്രി ആശയവിനിമയം നടത്തുന്ന 'പരീക്ഷാ പേ ചർച്ച'യുടെ 8-ാം പതിപ്പ് നാളെ.
   **PM Modi to Hold 'Pariksha Pe Charcha' Session with Students Tomorrow**

4. മണിപ്പൂർ മുഖ്യമന്ത്രി എൻ. ബീരേൻ സിങ് രാജിവച്ചു; രാജി കേന്ദ്രമന്ത്രി അമിത് ഷായുമായി നടത്തിയ ചർച്ചയ്ക്കുശേഷം.
   **Manipur CM N. Biren Singh Resigns; The resignation came after discussions with Union Minister Amit Shah.**

5. അപൂർവ ഗ്രൂപ്പ് രക്തദാതാക്കളെ തിരിച്ചറിയാനുള്ള പ്രത്യേക രജിസ്ട്രി പുറത്തിറക്കി കേരളം.
   **Kerala has launched a special registry to identify rare blood group donors.**

6. ഇംഗ്ലണ്ടിനെതിരായ പരമ്പരയിലെ രണ്ടാം ഏകദിനത്തിൽ ഇന്ത്യക്ക് 305 റൺസ് വിജയലക്ഷ്യം.

**India set a target of 305 runs to win in the second ODI against England.**

****************************************

## MAHAKUMBH - PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ പ്രയാഗ്‌രാജിൽ മഹാകുംഭമേള സന്ദർശിക്കും. ഗംഗ, യമുന, സരസ്വതി നദികളുടെ ത്രിവേണി സംഗമത്തിൽ രാഷ്ട്രപതി പുണ്യസ്നാനം നടത്തും. പ്രയാഗ്‌രാജിലെ ഹനുമാൻ ക്ഷേത്രം, അക്ഷയ്‌വട് എന്നിവിടങ്ങളും സന്ദർശിക്കുന്ന ശ്രീമതി മുർമു, ഡിജിറ്റൽ മഹാകുംഭ് എക്സ്പീരിയൻസ് സെൻററിൽ സജ്ജമാക്കിയ സംവിധാനത്തിലൂടെ മഹാകുംഭമേള വീക്ഷിക്കും.

******************************

## PM MODI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശനത്തിന് നാളെ തുടക്കമാകും. ഇരുരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സന്ദർശനം ഊന്നൽ നൽകും. നാളെ മുതൽ ഈ മാസം 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിലും ഉഭയകക്ഷിചർച്ചകളിലും പങ്കെടുക്കും. ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും. തുടർന്ന് രണ്ടുദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി അമേരിക്കയിലേക്കു തിരിക്കും.

******************************

## PARIKSHA PE CHARCHA

'പരീക്ഷാ പേ ചർച്ച'യുടെ 8-ാാം പതിപ്പ് നാളെ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ രാവിലെ 11-നാണ് പരിപാടി. ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുന്നതിനുള്ള മികച്ച മാർഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി പങ്കുവയ്ക്കും. സമ്മർദങ്ങൾ നിയന്ത്രിക്കൽ, വ്യക്തിഗത വളർച്ച എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ചകളും അദ്ദേഹം പങ്കിടും. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇതുവരെ മൂന്നരക്കോടിയോളം വിദ്യാർഥികൾ പരിപാടിക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

*******************************

## MANIPUR - CM RESIGNS

മണിപ്പൂർ മുഖ്യമന്ത്രി എൻ. ബീരേൻ സിങ് രാജിവച്ചു. ഇംഫാലിലെ രാജ്ഭവനിൽ എത്തി ഗവർണർ അജയ് കുമാർ ഭല്ലയ്ക്ക് അദ്ദേഹം രാജിക്കത്ത് കൈമാറി. 14 എംഎൽഎമാരും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. നേരത്തെ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു.

*******************************

## VP - DHANKAR (INTRO)

രാജ്യത്തിന്റെ വികസന പാതയിൽ കർഷകരുടെ പങ്ക് അത്യന്താപേക്ഷിതമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. രാജസ്ഥാനിലെ ചിത്തോർഗഢിൽ, ജാട്ട് മഹാസഭയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകർ സ്വയംപര്യാപ്തരാകണമെന്നും അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് രാജ്യം അഭിവൃദ്ധിപ്പെടുമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

കാർഷിക മേഖലയിലേക്ക് യുവാക്കൾ കൂടുതലായി കടന്നുവരണമെന്നും ഉപരാഷ്ട്രപതി ആഹ്വാനം ചെയ്യു.

*******************************

## FINAL CHHATTISGARH-ENCOUNTER

ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 31 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. വെടിവയ്പ്പിൽ രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർ വീരമൃത്യു വരിച്ചു. രണ്ട് പേർക്ക് പരിക്കേറ്റു. സംഭവസ്ഥലത്തുനിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തിട്ടുണ്ട്. ബിജാപുർ ജില്ലയിലെ വനപ്രദേശത്ത് മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ടെന്ന രഹസ്യവിവരത്തെത്തുടർന്ന് സുരക്ഷാസേന നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്.

*******************************

## AMIT SHAH - CHHATTISGARH

നക്സലൈറ്റുകൾക്കെതിരായ ഏറ്റുമുട്ടലിനിടെ വീരമൃത്യു വരിച്ച രണ്ട് സൈനികരുടെ കുടുംബങ്ങളെ ആഭ്യന്തരമന്ത്രി അമിത് ഷാ അനുശോചനം അറിയിച്ചു. അടുത്ത വർഷം മാർച്ച് 31-നകം രാജ്യത്ത് നിന്ന് നക്സലിസം പൂർണ്ണമായും ഇല്ലാതാക്കാനുള്ള ദൃഢനിശ്ചയം ആഭ്യന്തരമന്ത്രി ആവർത്തിച്ചു.

*******************************

## KTS 3.0-SAGE AGATHIYAR

മൂന്നാമത് കാശി തമിഴ് സംഗമം ഈ മാസം 15ന് ആരംഭിക്കും. അഗസ്ത്യർ മുനി എന്നതാണ് ഈ വർഷത്തെ

പ്രമേയം. സംഗമത്തിൽ പങ്കെടുക്കുന്നവർക്ക് മഹാകുംഭമേളയും അയോധ്യയിലെ രാമക്ഷേത്രവും സന്ദർശിക്കാനുള്ള അവസരം ലഭിക്കും. ഈ വർഷം തമിഴ്നാട്ടിൽ നിന്ന് അഞ്ചു വിഭാഗങ്ങളിലായി ആയിരത്തോളം പ്രതിനിധികളെ പങ്കെടുപ്പിക്കാനാണ് കേന്ദ്ര സർക്കാരിന്റെ തീരുമാനം. സംഗമത്തിനായുള്ള ആദ്യ സംഘം ഈ മാസം 13 ന് പുറപ്പെടും.

******************************

## PM - THE CAG REPORT

ഡൽഹിയിലെ ആം ആദ്മി സർക്കാരിനെതിരായ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ ജനങ്ങൾക്ക് ഉറപ്പ് നൽകി. ഡൽഹി സർക്കാരിന്റെ എക്സൈസ് നയത്തിലെ ക്രമക്കേടുകൾ കാരണം സംസ്ഥാനത്തിന് 2026 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായതായി സിഎജി വെളിപ്പെടുത്തിയിരുന്നു.

******************************

## AERO INDIA - RAJNATH (INTRO)

എയ്റോ ഇന്ത്യ പതിനഞ്ചാം പതിപ്പ് രാജ്യത്തിന്റെ വ്യോമ മേഖലയിലെ നാഴികക്കല്ലായിരിക്കുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. പ്രദർശനത്തിന് മുന്നോടിയായി ബംഗളൂരുവിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രദർശനത്തിനായി പ്രവർത്തിക്കുന്നവരുടെ കഠിനാധ്വാനം പരിപാടിയെ വിജയത്തിലേക്ക് നയിക്കുമെന്നും ശ്രീ രാജ്നാഥ് സിങ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യയുടെ പതിനഞ്ചാം പതിപ്പ് നാളെ മുതൽ 14 വരെ ബംഗളൂരു യെലഹങ്കയിലെ വ്യോമതാവളത്തിലാണ് നടക്കുന്നത്. 'ശതകോടി അവസരങ്ങളിലേക്കുള്ള റൺവേ' എന്നതാണ് ഇത്തവണത്തെ പ്രമേയം.

*******************************

## RARE BLOOD DONORS

അപൂർവ ഗ്രൂപ്പ് രക്തദാതാക്കളെ തിരിച്ചറിയാനുള്ള പ്രത്യേക രജിസ്ട്രി, കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ പുറത്തിറക്കി. കൊച്ചിയിൽ എല്ലാ സംസ്ഥാനങ്ങളിലേയും പ്രതിനിധികൾ പങ്കെടുത്ത ദേശീയ കോൺക്ലേവിലാണ് രജിസ്ട്രി പ്രകാശനം ചെയ്തത്.

*******************************

## MB RAJESH

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേരളം ഇന്ത്യയ്ക്ക് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് മന്ത്രി എം.ബി രാജേഷ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ് ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു.

*******************************

## MARAMON CONVENTION

130-ാമത് മാരാമൺ കൺവെൻഷന് തുടക്കമായി. മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കോഴഞ്ചേരി മാരാമൺ പമ്പാനദിക്കരയിൽ ഈ മാസം 16 വരെയാണ് കൺവെൻഷൻ.

*******************************

## CHERUKOLPUZHA

ഏഴ് ദിവസമായി പത്തനംതിട്ട പമ്പാ മണൽപുറത്തെ വിദ്യാധിരാജ നഗറിൽ നടന്നു വന്ന ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിനു സമാപനമായി. സമാപന സഭയുടെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു.

*******************************

## ISRAELI MILITARY WITHDRAWS

മധ്യ ഗാസയിലെ നെറ്റ്സാരിം ഇടനാഴിയിൽ നിന്ന് ഇസ്രായേൽ സൈന്യം പിൻവാങ്ങിയതായി ഹമാസ് സ്ഥിരീകരിച്ചു. ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ കരാറിന്റെ ഭാഗമാണ് പിൻവാങ്ങൽ. സേന പിൻവാങ്ങിയതിനെത്തുടർന്ന് തെക്കൻ ഗാസയിൽ അഭയം തേടിയിരുന്ന നിരവധി പാലസ്റ്റൈനികൾ ഇടനാഴിയിലൂടെ സ്വദേശങ്ങളിലേക്കു മടങ്ങി.

*******************************

## IRAN, EGYPT - OIC MEETING

ഗാസയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോ-ഓപ്പറേഷന്റെ അടിയന്തര യോഗം വിളിക്കണമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി ആവശ്യപ്പെട്ടു. ഈജിപ്റ്റ് വിദേശകാര്യ മന്ത്രി ബദർ അബ്ദലാട്ടിയുമായി അദ്ദേഹം ഇക്കാര്യം ചർച്ച ചെയ്തു. പാലസ്റ്റൈൻ അവകാശങ്ങൾക്കായുള്ള തങ്ങളുടെ രാജ്യങ്ങളുടെ പിന്തുണ ഇരു വിദേശകാര്യമന്ത്രിമാരും ആവർത്തിച്ചു. അതേസമയം, ഗാസയിലെ ഗുരുതരമായ

സംഭവവികാസങ്ങളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനായി ഈ മാസം 27ന് അടിയന്തര അറബ് ഉച്ചകോടി നടത്തുമെന്ന് ഈജിപ്ത് പ്രഖ്യാപിച്ചു.

*******************************

## IND - ENG ODI

ഇംഗ്ലണ്ടിനെതിരായ പരമ്പരയിലെ രണ്ടാം ഏകദിനത്തിൽ ഇന്ത്യക്ക് 305 റൺസ് വിജയലക്ഷ്യം. കട്ടക്കിൽ ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് അമ്പതാം ഓവറിൽ 304 റൺസിന് പുറത്തായി. ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 16-ാം ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 127 റൺസ് എടുത്തിട്ടുണ്ട്.

*******************************

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന ദേശീയ ഗെയിംസിൽ കേരളം ഇന്ന് ഒരു സ്വർണവും രണ്ടു വെള്ളിയും ഉൾപ്പെടെ അഞ്ച് മെഡലുകൾ സ്വന്തമാക്കി. ഡെക്കാത്തലണിൽ കേരളത്തിന്റെ എൻ തൗഫീഖാണ് സ്വർണം നേടിയത്. വനിതകളുടെ ലോങ് ജമ്പിൽ സാന്ദ്ര ബാബുവും 4x100 വനിതാ റിലേ ടീമും വെള്ളി സ്വന്തമാക്കി. പുരുഷന്മാരുടെ 400 മീറ്റർ ഓട്ടത്തിൽ ടി എസ് മനുവും പുരുഷന്മാരുടെ 110 മീറ്റർ ഹർഡിൽസിൽ മുഹമ്മദ് ലാസാനും വെങ്കല നേട്ടത്തിലെത്തി. ഇതോടെ 12 സ്വർണവും 17 വെങ്കലവും 11വെള്ളി മെഡലുകളും നേടി കേരളം എട്ടാം സ്ഥാനത്താണ്.

*******************************

## PARA ARCHERY ASIA CUP

തായ്ലൻഡിൽ നടക്കുന്ന പാരാ-അമ്പെയ്ത്ത് ഏഷ്യാ കപ്പിൽ ഇന്ത്യ ഇന്ന് രണ്ടു സ്വർണം നേടി. റിക്കർവ് ഓപ്പൺ, കോമ്പൗണ്ട് ഓപ്പൺ മിക്സഡ് ടീം ഇനങ്ങളിലാണ് ഇന്ത്യൻ താരങ്ങൾ സ്വർണം നേടിയത്. നാലു സ്വർണവും രണ്ടു വെള്ളിയുമുൾപ്പെടെ ആറു മെഡലുകളാണ് ഇന്ത്യ ഇതുവരെ നേടിയത്.

*******************************

## ISL

ഐ എസ് എൽ ഫുട്ബാളിൽ ബംഗളൂരു-ജംഷഡ്പുർ മത്സരം പുരോഗമിക്കുന്നു. ബംഗളൂരുവിലെ ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

*******************************

## L MURUGAN-BUDGET

വികസിത ഭാരതം 2047 എന്ന കാഴ്ചപ്പാടോടെ രാജ്യത്തിന്റെ വളർച്ചയ്ക്ക് ഗതിവേഗം പകരുന്നതിനുള്ള സുപ്രധാന ചുവടുവയ്പാണ് ഇത്തവണത്തെ കേന്ദ്രബജറ്റെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ. രാജ്യത്തെ ദാരിദ്ര്യമുക്തമാക്കാൻ ലക്ഷ്യമിടുന്ന ബജറ്റാണിതെന്നും അദ്ദേഹം പുതുച്ചേരിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

*******************************

## WEST BENGAL GOVERNOR

മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേർന്ന് അവരെ സഹായിക്കുക എന്നതാണ് ക്രിസ്തുവും ബുദ്ധനും പകർന്നു നൽകിയ ദർശനമെന്ന് പശ്ചിമ ബംഗാൾ ഗവർണർ സി.വി. ആനന്ദബോസ്. മലങ്കര ഓർത്തഡോക്സ് സഭയുടെ

ജീവകാരുണ്യ പദ്ധതിയുടെ മൂന്നാം വാർഷികം കോട്ടയം ദേവലോകം അരമനയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*******************************

## KEJRIWAL- AAP MLAS

ഡൽഹി നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട AAP എം‌എൽഎമാരുമായി ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാൾ കൂടിക്കാഴ്ച നടത്തി.

*

****************

**********************************************